# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 44 — 27.09.2016 -ൽ മറുപടിക്ക്

**ഗ്രീൻ കാർപ്പറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. എൽദോ എബ്രഹാം | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) വിനോദസഞ്ചാരമേഖലയെ പരിപോഷിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ; | (എ) പുതിയ ഉൽപ്പന്നങ്ങളുടെ കണ്ടെത്തലിലൂടെയും ശക്തവും നൂതനവുമായ വിപണന പ്രചാരണ തന്ത്രങ്ങളിലൂടെയും കൂടുതൽ വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>നിലവിലെ പ്രധാന മാർക്കറ്റുകൾ ശക്തിപ്പെടുത്തുന്നതിനൊപ്പം, പുതിയ വിപണികളായി തെരഞ്ഞെടുത്ത ഏഷ്യൻ/മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പ്രചരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തിവരുന്നു. സാധാരണ നടത്താറുള്ള ട്രേഡ് ഷോ, പാർട്ട്ണർഷിപ്പ് മീറ്റ് എന്നിവയ്ക്കു പുറമേ ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ ഈ മാർക്കറ്റുകളിൽ നടപ്പിലാക്കുന്നതാണ്. പ്രധാന വിദേശ മാർക്കറ്റുകളിൽ നിന്നും വേണ്ടത്ര എയർ കണക്ടിവിറ്റി ഇല്ലായെന്ന കാര്യം മനസ്സിലാക്കി തെരഞ്ഞെടുത്ത മാർക്കറ്റുകളിൽ നിന്നും കേരളത്തിലേയ്ക്കു മാത്രമായി ചാർട്ടേഡ് ഫ്ലൈറ്റ്സ് ഏർപ്പെടുത്തുന്ന കാര്യവും, ആഭ്യന്തര ടൂറിസ്റ്റുകൾ |

ക്കായി പ്രത്യേക ചാർട്ടേഡ് ട്രെയിൻ സൗകര്യം ഏർപ്പെടുത്തുന്നതും പരിഗണനയിലുണ്ട്.

ടൂറിസം പരിപോഷിപ്പിക്കുന്ന ബീച്ചുകൾ, ആയുർവേദം എന്നിവയോടൊപ്പം മുസിരിസ് കൊച്ചി ബിനാലെ, ആഗോള സ്പൈസ് റൂട്ട് എന്നിവയുടെ വികസനത്തിലും, വിപണനത്തിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്.

(ബി) ടൂറിസം സീസണിന് മുന്നോടിയായി വിനോദസഞ്ചാര കേന്ദ്രങ്ങളെ സജ്ജമാക്കുന്നതിനുള്ള 'ഗ്രീൻ കാർപ്പറ്റ്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ബി) & (സി) കേരളത്തിലെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും കേരളത്തിൽ പുതിയ ടൂറിസം സീസണെ വരവേൽക്കുന്നതിനുമുള്ള ഒരുക്കത്തിന്റെ മുന്നോടിയായി വിവിധ ഏജൻസികളുടെ കൂട്ടായ്മയിലൂടെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്യുന്ന നൂതന കർമ്മ പദ്ധതിയാണ് 'ഗ്രീൻ കാർപ്പറ്റ്'. സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 വരെ ഒരു കാമ്പെയിനായി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ഗ്രീൻ കാർപ്പറ്റ് നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 84 വിനോദസഞ്ചാര കേന്ദ്രങ്ങളിലാണ് ആദ്യഘട്ടമായി പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം. ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും.
2. മേന്മയേറിയ ശുചിമുറികളും

അവയുടെ പരിപാലനവും.

3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും

4. കേട്ടുപാടുകൾ ഇല്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ

5. വിനോദ സഞ്ചാരികളുടെ സംരക്ഷണം .

6. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം

സെക്ഷൻ ഓഫീസർ